DESPATCHED
On..21.1.2020

S-20011
21/01/2020


# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561601, 2561615, Fax: 0471-2330920
Email:- sic.ker@nic.in


## ഹർജി നമ്പർ **AP.No.2243(5)/19/SIC**

തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം

## File No.16161/SIC-G7/2019

സന്നിഹിത

**ശ്രീമതി ശ്രീലത പി.ആർ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. പ്രവീൺ. പി,
വാഴോട്ടുവിള വീട്,
നടൂർക്കൊല, അമരവിള പി.ഒ,
പിൻ – 695 122.
} അപ്പീൽ ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കേരള സിഡ്കോ,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ, തിരുവനന്തപുരം– 01,

അപ്പീൻ്റ അധികാരി &
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
കേരള സിഡ്കോ,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ, തിരുവനന്തപുരം– 01,
} എതിർകക്ഷികൾ

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 02.08.2019 |
| ഒന്നാം എതിർകക്ഷിയുടെ മറുപടി | --- |
| ഒന്നാം അപ്പീൽ | 04.09.2019 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 04.10.2019 |
| രണ്ടാം അപ്പീൽ | 10.10.2019 |
| ഹിയറിംഗ് തീയതി, സ്ഥലം | 18.01.2020, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |
| എതിർകക്ഷി<br><br>അപ്പീൽഹർജിക്കാരൻ | ഹാജരായിരുന്നു<br><br>ഹാജരായിരുന്നു |

1. അപ്പീൽ ഹർജിക്കാരൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടത്, സിഡ്കോയുടെ നിലവിലെ എം.ഡിയുടെ ശമ്പളം സംബന്ധിച്ചും എം.ഡിയുടെ സർവ്വീസ് ബുക്കിൻ്റെ പകർപ്പ് സംബന്ധിച്ചും 7 വിവരങ്ങളാണ്.
2. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷിയിൽ നിന്ന് മറുപടി ലഭിക്കാത്തതിനെ തുടർന്ന് ഒന്നാം അപ്പീൽ സമർപ്പിക്കുകയുണ്ടായി. ടി അപേക്ഷയ്ക്ക് ഒന്നും രണ്ടും എതിർകക്ഷികളിൽ നിന്നും വിവരം ലഭ്യമാകാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു.

3. നേർവിചാരണയ്ക്ക് ഹാജരായ അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകിയത്, സിഡ്കോയുടെ നിലവിലെ എം.ഡി ശ്രീ. കെ.ബി ജയകുമാറിന്റെ സർവ്വീസ് ബുക്ക് സംബന്ധമായ വിവരം നൽകിയില്ല എന്നും ടിയാന്റെ പേരിൽ ഏതെങ്കിലും വ്യവസായ സ്ഥാപനത്തിൽ യൂണിറ്റുകൾ നിലവിലുണ്ടോ എന്നതിനും മറുപടി നൽകിയില്ല എന്നും ടിയാന്റെ സ്വത്ത് വിവരവുമായി ബന്ധപ്പെട്ട വിവരം തൃപ്തികരമാംവിധം നൽകിയില്ല എന്നും ഏപ്രിൽ മേയ്, ജൂൺ മാസത്തെ സാലറി സ്ലിപ്പ് നൽകിയില്ല എന്നും ആയതിനാൽ ടി അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ്.

4. നേർവിചാരണയ്ക്ക് ഹാജരായ ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയും റിപ്പോർട്ട് സമർപ്പിക്കുകയും ഉണ്ടായി. എന്നാൽ പ്രസ്തുത റിപ്പോർട്ടിൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ഉൾകൊളളിച്ചു കൊണ്ടുള്ള രേഖപ്പെടുത്തലുകൾ ആയിരുന്നില്ല ഉണ്ടായിരുന്നത്.

5. അപ്പീൽഹർജിയും മറ്റ് അനുബന്ധരേഖകളും പരിശോധിക്കുമ്പോൾ ടിയാൻ ആവശ്യപ്പെട്ട നിലവിലെ എംഡിയുടെ സർവ്വീസ് ബുക്കും ശമ്പളവുമായി ബന്ധപ്പെട്ട വിവരങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി സമയബന്ധിതമായി മറുപടി നൽകിയില്ല എന്ന് കമ്മീഷന് ബോദ്ധ്യപ്പെട്ടു. കൂടാതെ ടി വിഷയവുമായി ബന്ധപ്പെട്ടല്ല എതിർകക്ഷി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും. ടി വിഷയവുമായി ബന്ധപ്പെട്ട് അപ്പീൽ അധികാരി 04.10.2019 തീയതി നൽകിയ ഒരു മറുപടി കത്ത് മാത്രമാണ് ലഭ്യമായിട്ടുള്ളത് എന്നാണ് അപ്പീൽ ഹർജിക്കാരൻ കമ്മീഷനെ അറിയിച്ചിരിക്കുന്നത്. പ്രസ്തുത മറുപടിയിൽ വ്യക്തമായ വിവരം ഉൾകൊളളിച്ചിട്ടുമില്ല. വിവരാവകാശ നിയമം വകുപ്പ് 6(1) പ്രകാരം ലഭിക്കുന്ന അപേക്ഷയ്ക്ക് അതേ നിയമം വകുപ്പ് 7(1) പ്രകാരം 30 ദിവസത്തിനുള്ളിൽ മറുപടി ലഭ്യമാക്കുവാൻ ഒന്നാം എതിർകക്ഷി ബാദ്ധ്യസ്ഥനാണ്. ഇവിടെ ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് യാതൊരു മറുപടിയും നൽകാതിരുന്ന ഒന്നാം എതിർകക്ഷിയുടെ നടപടി വിവരാവകാശ നിയമപ്രകാരം ഗുരുതരമായ വീഴ്ചയും കൃത്യവിലോപവുമായി കമ്മീഷൻ വിലയിരുത്തുന്നു. ഇപ്രകാരം വീഴ്ച വരുത്തിയ ഇപ്രകാരം വീഴ്ച വരുത്തിയ എസ്.പി.ഐ.ഒ ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താൽക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയതു ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിക്കുന്നില്ലെങ്കിൽ ടി എതിർകക്ഷിക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ മേൽ വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ

എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതാണ്.

6. ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് വ്യക്തമായ മറുപടി നൽകാത്ത സാഹചര്യത്തിൽ, പ്രസ്തുത അപേക്ഷ ഒരിക്കൽ കൂടി പരിശോധിച്ച് ടിയാന് ലഭ്യമാക്കാവുന്ന പൊതു വിവരങ്ങളും രേഖകളും അപ്പീൽഹർജിക്കാരന് സൗജന്യമായി നൽകേണ്ടതാണെന്ന് ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു. ഈ ഉത്തരവ് കിട്ടി 7 ദിവസത്തിനുള്ളയിൽ പ്രസ്തുത വിവരം ടിയാന് നൽകേണ്ടതും കമ്മീഷൻ മുമ്പാകെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

7. ഇപ്രകാരം ഈ അപ്പീൽഹർജി **ഇന്നേദിവസം 2020 ജനുവരി 31-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
**ശ്രീലത. പി. ആർ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★